# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2723** **27.01.2014** - ൽ മറുപടിക്ക്

## അരുവിക്കരയിലെ കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള നിർമ്മാണ കമ്പനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 2011-ൽ അരുവിക്കരയിൽ തറക്കല്ലിട്ട കെ.ഡബ്ല്യു.എ.യുടെ കുപ്പിവെള്ള നിർമ്മാണ കമ്പനിയുടെ നിലവിലുള്ള പുരോഗതി അറിയിക്കാമോ ; | (എ) 2011-ൽ അരുവിക്കരയിൽ തറക്കല്ലിട്ട കെ.ഡബ്ല്യു.എ.യുടെ കുപ്പിവെള്ള നിർമ്മാണശാലയുടെ പണി കരാറുകാരൻ പണി പൂർത്തീകരിക്കാത്തതിനാൽ വർക്ക് ഓർഡർ ക്യാൻസൽ ചെയ്തു. വീണ്ടും വിളിച്ച ടെണ്ടറുകൾ പല കാരണങ്ങളാൽ റിജക്ട് ചെയ്യേണ്ടിവന്നു. വാട്ടർ അതോറിറ്റിയുടെ തീരുമാനപ്രകാരം നിലവിലുള്ള സാങ്കേതിക പുരോഗതി കൂടെ കണക്കിലെടുത്ത്, പുതുക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. ഇതുപ്രകാരം പുതിയ ടെണ്ടർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പബ്ലിക് ഹെൽത്ത് സർക്കിൾ, തിരുവനന്തപുരം ടെണ്ടർ നോട്ടീസ് 10.02.2014-ൽ തുറക്കുന്ന വിധം, നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കേരളാ വാട്ടർ അതോറിറ്റിയെ കുപ്പിവെള്ള നിർമ്മാണ വിതരണ രംഗത്ത് നിന്നും ഒഴിവാക്കി ഈ രംഗത്ത് ബഹുരാഷ്ട്ര കമ്പനികൾക്ക് സൗകര്യം ഒരുക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നതെന്ന വിമർശനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ബി) അത്തരത്തിലുള്ള യാതൊരു നീക്കങ്ങളും ഗവൺമെന്റ് നടത്തുന്നില്ല. |

| | | | |
|---|---|---|---|
| (സി) | അരുവിക്കരയിലും കോഴിക്കോട്ടും ആലുവയിലും കുപ്പിവെള്ള നിർമ്മാണ കമ്പനികൾ ആരംഭിക്കുവാനുള്ള മുൻസർക്കാർ തീരുമാനം പുന:പരിശോധിക്കാനിടയാക്കിയ സാഹചര്യം വിശദമാക്കുമോ ? | (സി) | പുന:പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ